## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 99,208/- (തൊണ്ണൂറ്റി ഒൻപതിനായിരത്തി ഇരുന്നൂറ്റി എട്ട് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 1984/2019/തസ്വഭവ. തിരുവനന്തപുരം, തീയതി.16.09.2019.

പരാമർശം:- 1) പാലക്കാട് ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.11.2016 ലെ എ 1-100/16 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 09.08.2017 ലെ എം3-25560/2017 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 1003.09.2018 ലെ കെ.എസ്.എ.2751/പി.റ്റി.2/2018 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം 99,208/-(തൊണ്ണൂറ്റി ഒൻപതിനായിരത്തി ഇരുന്നൂറ്റി എട്ട് രൂപ മാത്രം) രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. 2013-14 വർഷത്തിൽ നടപ്പിലാക്കിയ പട്ടികജാതി കുടുംബങ്ങളിൽ ഊർജ്ജസംരക്ഷണം എന്ന പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ് സിഡി നൽകി സി.എഫ്.എൽ. വിതരണം ചെയ്തതിനാലായിരുന്നു ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്. പ്രസ്തുത തടസ്സപ്പെടുത്തലിനെ തുടർന്ന് പൊയ്യ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) മുഖേന ടി തടസ്സപ്പെടുത്തൽ സാധൂകരിക്കുന്നതിലേക്കായി പഞ്ചായത്ത് ഡയറക്ടർക്ക് ഉചിത മാർഗ്ഗേന അപേക്ഷ നൽകുകയും അപ്രകാരം ലഭിച്ച അപേക്ഷയിൻമേൽ അനുകൂല ശിപാർശ രേഖപ്പെടുത്തി പഞ്ചായത്ത് ഡയറക്ടർ സാധൂകരണാപേക്ഷ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി. തുടർന്ന് സർക്കാർ, സാധൂകരണം നൽകുന്നത് സംബന്ധിച്ച കാര്യത്തിൽ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടാവശ്യപ്പെടുകയും ആയത് പരാമർശം (3) പ്രകാരം സർക്കാരിൽ ലഭിക്കുകയുമുണ്ടായിട്ടുണ്ട്.

2. സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ, ജി.ഒ.(എം.എസ്.)248/2012 തീയതി 29.09.2012 പ്രകാരമുള്ള സബ് സിഡി മാർഗ്ഗരേഖയിലെ ഭാഗം 3.9.1(4) പ്രകാരം കറന്റ് ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വീടുകൾക്ക് റാന്തൽ ലഭ്യമാക്കാമെന്ന് പറയുന്നുണ്ടെങ്കിലും വിളക്കുകൾക്ക് സബ് സിഡി നൽകാൻ പാടില്ല എന്നും സബ് സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ടെന്നും ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് എന്നുമാണ് തൃശ്ശൂർ ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതെന്നും എന്നിരുന്നാലും പഞ്ചായത്തിലെ ജനസംഖ്യയിൽ സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽ ഭൂരിപക്ഷവും ബി.പി.എൽ. വിഭാഗത്തിൽപെട്ടവരും അവരുടെ വീടുകളിൽ സൗജന്യമായി മെച്ചപ്പെട്ട പ്രകാരം ലഭ്യമാക്കുകയും ഇലക്ട്രിക് ചാർജ്ജിനത്തിൽ ഗണ്യമായ കുറവ് വരുത്തി സാമ്പത്തികനേട്ടം ഉറപ്പ് വരുത്തി വൈദ്യുതോർജ്ജം ലാഭിക്കുക എന്ന

സദുദ്ദേശത്തോടുകൂടിയും വിവിധതല അംഗീകാരവും നേടിയുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 23.09.2016 ലെ 16(3)-ാം നമ്പർ യോഗതീരുമാനം, തൃശ്ശൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 22.05.2017 ലെ യോഗത്തിലെ 4-ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ എന്നിവ പരിഗണിച്ച് പരാമർശത്തിൻമേൽ സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം(1), (2) പ്രകാരമുള്ള അനുകൂല ശിപാർശകൾ കണക്കിലെടുത്തും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 23.09.2016 ലെ 16(3)-ാം നമ്പർ യോഗതീരുമാനം, തൃശ്ശൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 22.05.2017 ലെ യോഗത്തിലെ 4-ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ, സാധൂകരണ വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള അഭിപ്രായം എന്നിവ പരിഗണിച്ചും തൃശ്ശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിലെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 99,208/- (തൊണ്ണൂറ്റി ഒമ്പതിനായിരത്തി ഇരുന്നൂറ്റി എട്ട് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, പൊയ്യ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**